പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3757 11.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി വർക് ഷോപ്പുകളിൽ തൊഴിൽ അനുകൂല അന്തരീക്ഷം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി വർക് ഷോപ്പുകളിൽ തൊഴിൽ അനുകൂല അന്തരീക്ഷം ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളിൽ തൊഴിൽ അനുകൂല അന്തരീക്ഷം ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി യുടെ പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് വർക് ഷോപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ടയർ റീട്രെഡിംഗ്, എഞ്ചിൻ റീ-കണ്ടീഷനിംഗ്, വാഹന ഉപയോഗ നിരക്ക് എന്നിവ ദേശീയ ശരാശരിയിൽ എത്തിക്കുന്നതിനും വർക് ഷോപ്പുകൾ ആധുനികവത്ക്കരിക്കുന്നതിനും, ബസ് ബോഡി നിർമ്മാണ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഓരോ ജില്ലയിലെയും ഒരു പ്രധാന ഡിപ്പോയിലെങ്കിലും ആധുനിക സാങ്കേതിക വിദ്യകളും അനുബന്ധ സംവിധാനങ്ങളുമുള്ള വർക് ഷോപ്പ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി-ക്ക് കടുത്ത സാമ്പത്തിക പ്രതിസന്ധി ഉള്ളതിനാൽ സർക്കാർ സഹായത്താലും, ജനപ്രതിനിധികളുടെ ഫണ്ട് ഉപയോഗിച്ചും ഡിപ്പോ വർക്ക്ഷോപ്പുകളിൽ ആധുനികവത്കരണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ